**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 795** **09-10-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സ്വന്തമായി ഭൂമിയും വീട്ടും എന്ന സ്വപ്നം യഥാർത്ഥ്യമാക്കുവാൻ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിനായി ഭൂമി അനുവദിക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്.<br><br>ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിലക്ക് വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമം പ്രകാരമുള്ള ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളെ ഭൂമിയുടെ ഉടമസ്ഥരാക്കുന്നു. കൂടാതെ റവന്യൂ ഭൂമി വിതരണത്തിലൂടെയും ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നു. ഇപ്രകാരം ഭൂമി ലഭ്യമാക്കുന്ന കുടുംബങ്ങൾക്ക് ഭവനം, കുടിവെള്ളം, റോഡ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം അവരുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനും, ജീവനോപാധികൾക്കുമുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമിയും വീട്ടും ലൈഫ് മിഷൻ മുഖേനയും അനുവദിച്ചു വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് ഭൂമിയുടെ കൈവശാവകാശ രേഖകൾ കൈമാറിയിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 260 പേർക്ക് 50.83 ഏക്കർ ഭൂമിയും, നിക്ഷിപ്ത വനഭൂമി വിതരണം പദ്ധതി പ്രകാരം 718 പേർക്ക് 243.80 ഏക്കർ ഭൂമിയും, വനാവകാശ നിയമപ്രകാരം 2731 പേർക്ക് 3937.62 ഏക്കർ ഭൂമിയും, റവന്യൂ/ഫാം/പ്രോജക്ട് ഭൂമി വിതരണം പദ്ധതി പ്രകാരം 27 പേർക്ക് 20.98 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ആകെ 3736 പേർക്ക് 4253.23 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | നിയമപരമായ സങ്കീർണ്ണതകൾ മൂലം അപരിഹാര്യമായി തുടരുന്ന ഭൂപ്രശ്നങ്ങൾ പരിഹരിക്കുവാനാവശ്യമായ നടപടികൾ വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | വനാവകാശ നിയമ പ്രകാരം ഭൂമി നൽകുന്നതിലുള്ള സങ്കീർണ്ണതകൾ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി (SLMC) മുഖേന പരിഹരിക്കുന്നു. പട്ടികവർഗ്ഗക്കാരുടെ ഭൂമി സംബന്ധമായ വിഷയങ്ങൾ പരിഹരിക്കുന്നതിനായി ജില്ലാതലങ്ങളിൽ ജില്ലാ കളക്ടർ ചെയർമാനായി ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. 1999ലെ കെ.എസ്സ്.റ്റി. ആക്ട് പ്രകാരം സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ഭൂമിയുടെ അവകാശം സംരക്ഷിക്കുന്നതിനായി ഭൂമി കൈമാറ്റം നിയന്ത്രിക്കുവാനും, അന്യാധീനപ്പെട്ട ഭൂമി പുനസ്ഥാപിച്ചു നല്കുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ റവന്യൂ വകുപ്പ് മുഖേന നടപടി സ്വീകരിച്ചു വരുന്നു. ഈ രീതിയിലും കൂടാതെ സർക്കാർ തലത്തിലും യോഗങ്ങൾ ചേർന്ന് പട്ടികവർഗ്ഗക്കാരുടെ ഭൂപ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ